പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

2019 നവംബർ 19, ചൊവ്വ

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ചോദ്യം : 5858
ശ്രീ.ബി.ഡി. ദേവസ്സി

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി അടിയന്തരമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കുമോ? | ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപെട്ട റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15.07.2019 ലെ സ.ഉ (പി)നം . 87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെൻഡറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ